അനുസ്മരണം

## സി. മോയിൻഹാജി



**ജമാഅത്തെ** ഇസ്‌ലാമി കൂട്ടിലങ്ങാടി ഘടകത്തിൽ അംഗമായിരുന്നു സി. മോയിൻഹാജി(79). കൂട്ടിലങ്ങാടി ഹൽഖാ അമീറായും കുറുവ കൂട്ടിലങ്ങാടി ജുമുഅത്തുപള്ളി മഹല്ല് കമ്മിറ്റി പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്.

അറിയപ്പെടുന്ന മെക്കാനിക്കൽ കോൺട്രാക്ടറായിരുന്ന അദ്ദേഹം മോയിൻസ്രാങ്ക് എന്ന പേരിൽ ഈ രംഗത്ത് പ്രശസ്തനായിരുന്നു. മോയിൻസ്രാങ്കിന്റെ ശിഷ്യത്വം സ്വീകരിച്ച് പഠിച്ച് വിദഗ്ധരായിത്തീർന്ന ഒട്ടേറെ പേരുണ്ട്. പ്രാഥമിക വിദ്യാഭ്യാസം മാത്രമുണ്ടായിരുന്ന അദ്ദേഹം സാങ്കേതിക കാര്യങ്ങളിൽ നിപുണനായിരുന്നു.

ബംഗാൾ, തമിഴ്നാട്, ഗുജറാത്ത്, ആന്ധ്രപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ തെർമൽ പവർ സ്റ്റേഷനുകൾ ഇറക്ട് ചെയ്യുന്ന ജോലി അദ്ദേഹം ഏറ്റെടുത്തിരുന്നു. നൂറുകണക്കിന് തൊഴിലാളികളാണ് ഓരോ സൈറ്റിലും ഉണ്ടായിരുന്നത്. ഇവർക്ക് താമസിക്കാനായി താൽക്കാലിക കോളനികൾ നിർമിക്കുമ്പോൾ ജോലിക്കാർക്ക് നമസ്കാരത്തിന് സ്ഥലം ഏർപ്പെടുത്താൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിക്കുമായിരുന്നു. പ്രസ്ഥാനത്തെ പരിചയപ്പെടുത്താനും ഈ അവസരം ഉപയോഗിച്ചു. ജോലി അന്വേഷിച്ചെത്തുന്നവരെ മടക്കി അയക്കാതിരിക്കുക എന്നതായിരുന്നു മോയിൻ സാഹിബിന്റെ പോളിസി. ജോലി നൽകാൻ കഴിഞ്ഞില്ലെങ്കിൽ കുറച്ചുദിവസം അവരെ സ്വന്തം ചെലവിൽ താമസിപ്പിക്കുകയും പിന്നീട് യാത്രാ ചെലവ് നൽകി പറഞ്ഞയക്കുകയും ചെയ്യുമായിരുന്നു. ഒരാൾക്ക് ജീവിക്കാൻ അവസരമുണ്ടാക്കികൊടുക്കുന്നത് ഏറ്റവും വലിയ പുണ്യകർമമായി അദ്ദേഹം കണക്കാക്കി. ദഅ്‌വത്ത് നഗർ സമ്മേളനത്തിന്റെ നഗരി നിർമാണചുമതല അദ്ദേഹത്തിന്നായിരുന്നു.

രണ്ട് ഭാര്യമാരിലായി ഒമ്പത് മക്കളുണ്ട്. ഭാര്യ മല്ലികത്തൊടി ആഇശ ജീവിച്ചിരിപ്പുണ്ട്. മറ്റൊരു ഭാര്യ വലിയകത്ത് ആമിന മൂന്നുവർഷംമുമ്പ് മരിച്ചു. മക്കളിൽ പലരും പ്രസ്ഥാനബന്ധമുള്ളവരാണ്.

**എം.എ മജീദ്**

## കൈതയിൽ അബ്ദുല്ല

**തലക്കുളത്തൂരിലെ** പറമ്പത്ത് പ്രദേശത്തെ ആദ്യകാല ഇസ്‌ലാമിക പ്രവർത്തകനായിരുന്നു കൈതയിൽ അബ്ദുല്ല സാഹിബ്(78). ഔപചാരിക വിദ്യാഭ്യാസം കൂടുതൽ നേടിയില്ലെങ്കിലും പരന്ന വായനയിലൂടെ ഇസ്‌ലാമികജ്ഞാനം നേടിയെടുത്തു. പ്രശസ്തരായ പണ്ഡിതന്മാരെ പങ്കെടുപ്പിച്ചു പ്രഭാഷണങ്ങളും സ്റ്റഡിക്ലാസുകളും സംഘടിപ്പിക്കുന്നതിൽ നേതൃപരമായ പങ്കുവഹിച്ചു. ബീഡിതെറുപ്പായിരുന്നു തുടക്കത്തിൽ ജോലി. തന്റെ പീടികയിൽ വരുന്ന ആർക്കും ജോലി നിർത്തിവെച്ച് പ്രസ്ഥാനത്തെ പരിചയപ്പെടുത്തുമായിരുന്നു. അദ്ദേഹം മുൻകൈയെടുത്ത് ഒരു ഇസ്‌ലാമിക് ട്രസ്റ്റിന് രൂപം നൽകുകയും ചെയ്തു.

**മുഹമ്മദ് കോയ തലക്കുളത്തൂർ**

## ടി.കെ സെയ്ദു മുഹമ്മദ്



**ജമാഅത്തെ** ഇസ്‌ലാമി നെട്ടൂർ കാർകുൻ ഹൽഖാ അംഗമായിരുന്നു സെയ്ദു മുഹമ്മദ് സാഹിബ്(76).

നെട്ടൂർ പ്രദേശത്തെ ജമാഅത്ത് പ്രവർത്തനങ്ങളുടെ ചരിത്രം സെയ്ദുമുഹമ്മദ് സാഹിബിനോടൊപ്പമാണ് തുടങ്ങുന്നത്. നാലു പതിറ്റാണ്ടിലേറെ കാലം അദ്ദേഹം പ്രസ്ഥാനത്തോടൊപ്പം സഞ്ചരിച്ചു. 1960 കളിൽ മർഹൂം പള്ളൂരുത്തി ഹാജി മുഖേനയാണ് അദ്ദേഹം പ്രസ്ഥാനവുമായി അടുക്കുന്നത്. തൊള്ളായിരത്തി എഴുപതുകളിൽ കൊച്ചിൻ ഫർക്കാ സമ്മേളനം നെട്ടൂരിൽ സംഘടിപ്പിച്ചപ്പോൾ ചിലർ സമ്മേളന നഗരി അലങ്കോലപ്പെടുത്തുകയുണ്ടായി. തുടർന്ന് പുതിയപുര കുഞ്ഞുമുഹമ്മദ് സാഹിബിന്റെ വീട്ടുമുറ്റത്ത് സമ്മേളനം നടത്തിയപ്പോൾ കടുത്ത യാഥാസ്ഥിതിക ഭീഷണി അവഗണിച്ച് അദ്ദേഹവും സഹപ്രവർത്തകരും അതിൽ പങ്കെടുക്കുകയും വിജയിപ്പിക്കുകയും ചെയ്തു.

കുടുംബത്തെ പ്രസ്ഥാനവൽക്കരിക്കുന്നതിൽ അദ്ദേഹം വിജയിച്ചു. മകൾ അസ്മയെ മൂവാറ്റുപുഴ ബനാത്തിലും മകൻ അബ്ദുൽ ജബ്ബാറിനെ ശാന്തപുരത്തും പഠിപ്പിക്കുകയായിരുന്നു. ആറു മക്കളിൽ അഞ്ചുപേരും കാർകുനുകളാണ്. മരുമക്കളിൽ ഒരാൾ റുകുനും മറ്റുള്ളവർ സജീവ പ്രവർത്തകരുമാണ്. കുമ്പളം കാലാക്കശ്ശേരിൽ കുടുംബാംഗമായ ഭാര്യ ഖദീജ നെട്ടൂർ വനിതാ ഹൽഖയിൽ കാർകുൻ ആണ്.

**എം.എ അബ്ദു നെട്ടൂർ**

## എം.കെ കുഞ്ഞഹമ്മദ് ഹാജി



**1950**-കളിൽ ഇസ്‌ലാമിക പ്രസ്ഥാനവുമായി ബന്ധപ്പെട്ട 'ഹാജിസാഹിബ്' എന്ന എം.കെ കുഞ്ഞഹമ്മദ് ഹാജി മലപ്പുറം ജില്ലയിലെ തെക്കൻ പ്രദേശങ്ങളിൽ നിറഞ്ഞുനിന്ന വ്യക്തിത്വമായിരുന്നു. നിർധനനായി ജീവിച്ച ഹാജിസാഹിബ്, തന്റെ കഷ്ടപ്പാടുകൾ അവഗണിച്ച് പ്രയാസപ്പെടുന്നവരെ സഹായിക്കാൻ എന്നും മുൻനിരയിൽ ഉണ്ടായിരുന്നു. പലർക്കും വീടും കിടപ്പാടവും ഉണ്ടാക്കാൻ പ്രയത്നിച്ച അദ്ദേഹം, മരിക്കുമ്പോൾ വാടക വീട്ടിലായിരുന്നു താമസം.

മാറഞ്ചേരി ഹൽഖക്ക് നേതൃത്വം നൽകിയിരുന്ന ഹാജി സാഹിബ്, മൂന്ന് പഞ്ചായത്തുകൾ ഉൾക്കൊള്ളുന്ന ഈ ഹൽഖാ പരിധിയിലുള്ള ഓരോ മുക്ക്മൂലയിലും സ്ക്വാഡ് പ്രവർത്തനത്തിനായി എത്തിയിരുന്നു. *പ്രബോധനം* പക്ഷാചരണ കാമ്പയിനുണ്ടാകുമ്പോൾ എല്ലാദിവസവും സ്ക്വാഡ് നടക്കണമെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. 'യാമം' മുറിയാൻ പാടില്ല എന്നാണ് അദ്ദേഹം പറഞ്ഞിരുന്നത്.

മാറഞ്ചേരിയിലെ മുനവ്വിറുൽ ഇസ്‌ലാം ട്രസ്റ്റ്, ഗൈഡൻസ് ചാരിറ്റബ്ൾ ട്രസ്റ്റ്, മസ്ജിദുർറഹ്മാൻ തുടങ്ങിയ സ്ഥാപനങ്ങളുടെ ഭാരവാഹിയായിരുന്നു.

**അബ്ദുല്ലത്വീഫ് മാറഞ്ചേരി**

*അല്ലാഹു പരേതർക്ക് മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ - ആമീൻ.*